# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: T 2578** **05.11.2019-ൽ മറുപടിക്ക്**

### തെന്മല ഇക്കോ ടൂറിസം

| **ചോദ്യം**<br>**ശ്രീ. കെ. എസ്. ശബരീനാഥൻ** | | **മറുപടി**<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| എ) | ഇക്കോ ടൂറിസം പ്രോജക്ടിന്റെ ഭാഗമായി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് തെന്മലയിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ; | എ) | ഇക്കോ ടൂറിസം പ്രോജക്ടിന്റെ ഭാഗമായി വിനോദ സഞ്ചാരികളെ ആകർഷിക്കാനായി തെന്മലയിൽ താഴെ ചേർത്തിട്ടുള്ള സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്:<br>1. ലെഷർ സോൺ<br>2. അഡ്വഞ്ചർ സോൺ<br>3. മാൻ പുനഃരധിവാസ കേന്ദ്രം<br>4. ശെന്തുരുണി തടാകത്തിൽ ബോട്ടിങ്<br>5. സംഗീത നൃത്ത ജലധാര<br>6. ചിത്രശലഭ പാർക്ക്<br>7. കുട്ടികളുടെ കളിസ്ഥലം<br>8. ലൈറ്റ് & സൗണ്ട് ഷോ<br>9. താമസ സൗകര്യം (ടെന്റുകൾ/ഡോർമിറ്ററി/ ടൂറിസ്റ്റ് ഹോം)<br>10. സാഹസിക വിനോദങ്ങൾ<br>11. ഭക്ഷണശാല, ശൗചാലയം, കടമുറികൾ, കഫെറ്റീരിയ, പാർക്കിങ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ |
| ബി) | പ്രസ്തുത പ്രോജക്ടിലെ ലെഷർ സോണിലെ പല ഇലക്ട്രോണിക് ഉപകരണങ്ങളും പ്രവർത്തന രഹിതമായിട്ടും അത് പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തു കൊണ്ടാണ് എന്നറിയിക്കാമോ; | ബി) | ലെഷർ സോണിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ കാലാനുസൃതമായും ഈ മേഖലയിലെ വളർച്ചയ്ക്ക് അനുസരിച്ചും മാറ്റുന്നതിന്റെ ഭാഗമായി പുത്തൻ സാങ്കേതിക വിദ്യകൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്; സന്ദർശനം കൂടുതൽ വിജ്ഞാന പ്രദമാക്കാൻ മൊബൈൽ ഫോൺ ആപ്ലിക്കേഷനും വിശദ കമന്ററിയുമൊക്കെ ലഭ്യമാക്കാനുള്ള പദ്ധതികളാണ് പരിഗണനയിലുള്ളത്. |
| സി) | ഇക്കോ ടൂറിസത്തിലെ അഡ്വഞ്ചർ സോൺ കൂടുതൽ ആകർഷകമാക്കുന്നതിനും അവിടെ പ്രവർത്തന രഹിതമായിട്ടുള്ള സംവിധാനങ്ങൾ നന്നാക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) | അഡ്വഞ്ചർ സോണിൽ നിലവിലുള്ള സംവിധാനങ്ങൾ പ്രവർത്തനക്ഷമമാണ്. ഈ മേഖലയിൽ സഞ്ചാരികളെ ഉൾക്കൊള്ളാനുള്ള വാഹകശേഷിക്ക് അനുസൃതമായി പുതിയവ സ്ഥാപിക്കാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ